നിർദ്ദേശം സെൻസസ് ഡയറക്ടർ സെൻസസ് രജിസ്ട്രാർ ജനറലിനു സമർപ്പിച്ചിരുന്നു. അതിൽ ഹിന്ദു ആരാധനാലയങ്ങളെക്കുറിച്ച് ഒരു പഠനം നടത്താൻ 1993-ൽ സെൻസസ് രജിസ്ട്രാർ ജനറൽ അനുമതി നൽകുകയുണ്ടായി. അതനുസരിച്ച് സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2001 ലെ സെൻസസിനോടനുബന്ധിച്ച് മറ്റു മത വിഭാഗങ്ങളിൽപ്പെട്ട ആരാധനാലയങ്ങളെക്കുറിച്ച് പഠനം നടത്തി സ്ഥിതിവിവരം ശേഖരിക്കുവാനുള്ള അനുമതി സെൻസസ് രജിസ്ട്രാർ ജനറലിൽനിന്നും ലഭിച്ചതനുസരിച്ച് നടപടി സ്വീകരിച്ചതാണെന്നാണ് സംസ്ഥാന സെൻസസ് ഡയറക്ടറേറ്റിൽനിന്ന് ലഭിച്ച വിവരം. എന്നാൽ വിവാദത്തെ തുടർന്ന് സ്ഥിതിവിവരം ശേഖരിക്കുന്ന നടപടി നിർത്തിവച്ചിട്ടുള്ളതായാണ് വാർത്താ മാദ്ധ്യമങ്ങളിൽനിന്ന് അറിയുന്നത്. ഇത് സംബന്ധിച്ച് മറ്റ് ഔദ്യോഗിക ഉറപ്പുകളൊന്നും ലഭിച്ചിട്ടില്ല.

(3) പെരിയാറിൽ പുറപ്പിള്ളിക്കാവ് ബണ്ട് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ഡി. സതീശൻ : സർ, കടലിൽ നിന്ന് പെരിയാറിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നത് പുറപ്പിള്ളിക്കാവിൽ താല്ക്കാലികമായി ബണ്ട് നിർമ്മിച്ചാണ്. ഇത് കൃത്യസമയത്ത് കെട്ടാത്തതുകൊണ്ട് എല്ലാ വർഷവും വമ്പിച്ച കൃഷിനാശം ഉണ്ടാകുകയും വിശാല കൊച്ചിയിലെ മൊത്തം കുടിവെള്ള വിതരണം നിർത്തിവയ്ക്കേണ്ട അവസ്ഥ ഉണ്ടാകുകയും ചെയ്യാറുണ്ട്. അതുകൊണ്ട് എല്ലാ വർഷവും ഒക്ടോബർ മാസത്തിൽത്തന്നെ ഇത് കെട്ടുന്നതിനു വേണ്ടിയുള്ള ഒരു സംവിധാനം ഉണ്ടാക്കുവാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.ടി. എം.ജേക്കബ്) : സർ, പെരിയാർ നദിയിലേക്ക് വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നത് തടയാൻ വേണ്ടി എല്ലാ വർഷവും പുറപ്പിള്ളിക്കാവിലും പാതാളത്തും താൽക്കാലിക ബണ്ട് നിർമ്മിക്കാറുണ്ട്. ഇപ്രാവശ്യവും എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്, പുറപ്പിള്ളിക്കാവ് ബണ്ടിന് എട്ടര ലക്ഷം രൂപയും പാതാളം ബണ്ടിന് പതിനഞ്ച് ലക്ഷം രൂപയുമാണ് എസ്റ്റിമേറ്റ്. തുലാവർഷം കൂടി കണക്കിലെടുത്തിട്ടാണ് ബണ്ട് നിർമ്മാണത്തിന് സമയം നിശ്ചയിക്കുക. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപ്പുവെള്ളം കയറാതെ ശ്രദ്ധിക്കുന്നതാണ്.

(4) മയക്കുമരുന്നു കേസ്സുകളുമായി ബന്ധപ്പെട്ട തടവുകാർക്ക് പരോൾ അനുവദിക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. ജയരാജൻ : സർ, മയക്കുമരുന്നു കേസുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ട് തടവിൽ കഴിയുന്നവർക്ക് പരോൾ അനുവദിക്കുന്നില്ല. മനുഷ്യാവകാശ കമ്മീഷൻ കേരളാ ഗവൺമെന്റിന് ഒരു ശുപാർശ നൽകിയിട്ടുണ്ട്. അത് പരിഗണിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. മയക്കുമരുന്നു കേസുമായി ബന്ധപ്പെട്ടിട്ടുള്ളവർക്ക് പരോൾ അനുവദിക്കണമെന്നുള്ളത് 354/99, 169/99, 243/99 എന്നീ വകുപ്പുകൾ പ്രകാരം സുപ്രീംകോടതി തന്നെ വിധിച്ചിട്ടുള്ളതാണ്. അമ്മയും അച്ഛനും മരിച്ചാൽപ്പോലും അവർക്ക് പരോൾ കിട്ടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly